# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3516** **11.12.2018 ൽ മറുപടിയ്ക്ക്**

**വി.എഫ്.പി.സി.കെ. യിലെ ജീവനക്കാരുടെ പെൻഷൻ പദ്ധതി**

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വി.എഫ്.പി.സി.കെ. എന്ന സ്ഥാപനത്തിന് സ്പെഷ്യൽ റൂൾസ് ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ; | എ) കൗൺസിലിൽ ജീവനക്കാരുടെ നിയമനം ഉൾപ്പെടെയുള്ള ചട്ടങ്ങൾ (Staff Regulation) GO (Rt) No.1101/10/AD dated 11.06.2010 ഉത്തരവ് പ്രകാരം അംഗീകരിച്ച് 05.01.2011 മുതൽ നടപ്പിലാക്കിവരുന്നു. |
| ബി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർക്ക് ഏത് തരം പെൻഷൻ പദ്ധതിയാണ് നടപ്പിലാക്കിയിരിക്കുന്നത്; വ്യക്തമാക്കാമോ; | ബി) വി.എഫ്.പി.സി.കെ ഉദ്യോഗസ്ഥർക്ക് 01.04.2014 മുതൽ നാഷണൽ പെൻഷൻ സ്കീം (NPS) നടപ്പിലാക്കുന്നുണ്ട്. ഈ സ്കീം പ്രകാരം, കൗൺസിലിലെ സ്ഥിരം ജീവനക്കാരുടെ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും അടങ്ങുന്ന തുകയുടെ 10 ശതമാനമാണ് കൗൺസിൽ വിഹിതമായി നിക്ഷേപിക്കുന്നത്.<br>വി.എഫ്.പി.സി.കെ യിൽ നാഷണൽ പെൻഷൻ സ്കീം നടപ്പിലാക്കുന്നതിന് മുമ്പ് എംപ്ലോയി പ്രോവിഡന്റ് ഫണ്ട് സ്കീം അനുസരിച്ചുള്ള പെൻഷൻ പദ്ധതി മാത്രമാണ് നിലവിലുണ്ടായിരുന്നത്. 1995 ആഗസ്റ്റിലാണ് കൗൺസിൽ ജീവനക്കാരെ എംപ്ലോയി പ്രോവിഡന്റ് ഫണ്ട് സ്കീമിൽ എൻറോൾ ചെയ്തത്. ഇ.പി.എഫ് നിയമ പ്രകാരം Average wage ceiling ആയി നിശ്ചയിക്കുന്ന തുകയുടെ 12% ആണ് ഈ സ്കീമിലേക്ക് അടയ്ക്കുന്ന എംപ്ലോയർ കോൺട്രിബ്യൂഷൻ. ഈ തുകയുടെ 8.33% ആണ് പെൻഷൻ സ്കീമിലേയ്ക്ക് വകയിരുത്തുന്നത്.<br>ഇ.പി.എഫ് പദ്ധതിയുടെ ചട്ടങ്ങൾ പ്രകാരം നാമമാത്രമായ തുകയാണ് പെൻഷനായി |

ജീവനക്കാർക്ക് ലഭിക്കുക. 01.04.2014 ൽ ഇ.പി. എഫ് നിയമപ്രകാരം, Average wage ceiling ആയി നിശ്ചയിച്ചിരുന്നത് 6,500/- രൂപ മാത്രമായിരുന്നു. ഈ തുകയുടെ 12% (780/- രൂപ) മാത്രമായിരുന്നു എംപ്ലോയർ കോൺട്രിബ്യൂഷൻ. ഇതുവഴി ലഭിക്കുന്ന പെൻഷൻ തുക തീർത്തും കുറവായതിനാലും സ്റ്റാറ്റ്യൂട്ടറി പെൻഷൻ പോലുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭ്യമല്ലാതിരുന്നതിനാലും കേരള സർക്കാരിന്റെ കീഴിലുള്ള പല സ്ഥാപനങ്ങളിലും നടപ്പിലാക്കുന്ന നാഷണൽ പെൻഷൻ സ്കീം (NPS) കൗൺസിലിലും നടപ്പിലാക്കണമെന്ന ആവശ്യം ഉയർന്ന് വരികയുണ്ടായി. ജീവനക്കാരുടെ ആവശ്യപ്രകാരം 22.08.2012 ൽ നടന്ന 57-ാമത് വി.എഫ്.പി.സി.കെ ഡയറക്ടർ ബോർഡ് മുമ്പാകെ ഈ വിഷയം അനുമതിയ്ക്കായി സമർപ്പിക്കുകയും നാഷണൽ പെൻഷൻ സ്കീം (NPS to Corporates), PFRDA, മാനദണ്ഡങ്ങൾക്ക് വിധേയമായി, കൗൺസിലിൽ നടപ്പിലാക്കുന്നതിന് ബോർഡ് അനുമതി നൽകുകയും ചെയ്തു.

| | |
|---|---|
| സി) ഈ സ്ഥാപനത്തിലെ ജീവനക്കാരെ കൃഷിവകുപ്പോ ധനകാര്യവകുപ്പോ നിർദ്ദേശം നൽകാതെ ദേശീയ പെൻഷൻ പദ്ധതിയിൽ ചേർത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | സി) കൗൺസിലിലെ ജീവനക്കാർക്ക് നാഷണൽ പെൻഷൻ സ്കീം (എൻ.പി.എസ്) നടപ്പിലാക്കണമെന്ന കൗൺസിലിന്റെ 57-ാമത് ഡയറക്ടർ ബോർഡ് തീരുമാനത്തിനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ട് 04.12.2012 ൽ കൃഷി വകുപ്പ് ഗവൺമെന്റ് സെക്രട്ടറിക്ക് VFPCK/06/HR/NPS/2012/1214 നമ്പർ കത്ത് അയക്കുകയും എന്നാൽ ഈ തീരുമാനം നടപ്പിലാക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി അവശ്യമില്ലെന്ന് കൃഷി (പിബി) വകുപ്പിന്റെ 06.08.2014 ലെ 38128/PB2/2012 കൃഷി കത്ത് പ്രകാരം കൗൺസിലിനെ അറിയിച്ചിട്ടുമുണ്ട്. എന്നാൽ ഒരേ സമയം വി.എഫ്.പി.സി.കെ യിലെ ജീവനക്കാർ ഇ.പി.എഫ് ലും നാഷണൽ പെൻഷൻ സ്കീമിലും (NPS) ചേർന്നിട്ടുള്ളതായും 2014-15 മുതൽ 2017-18 വരെ NPS വിഹിതം നൽകിയതു മൂലം 5.13 കോടി രൂപയുടെ അധിക ചെലവ് വന്നതായി അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |

Mayap

**സെക്ഷൻ ഓഫീസർ**